# അനുസരണം

## 1 ശമുവേൽ 15:22

**"ഇതാ അനുസരിക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്"**

യഹോവയായ ദൈവം ശൗലിനോട് അമാലേക്യരെ തോൽപ്പിച്ച് അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളയാൻ ആവശ്യപ്പെട്ടപ്പോൾ ശൗലും തന്റെ ജനവും ആടുമാടുകളിൽ മേത്തരമായവയേയും കുഞ്ഞാടുകളെയും നശിപ്പിക്കുവാൻ മനസ്സില്ലാതെ യഹോവയ്ക്ക് യാഗം കഴിക്കാൻ എന്നുള്ള പേരിൽ ശേഷിപ്പിച്ചു. അപ്പോൾ ശമുവേൽ പ്രവാചകൻവഴി ശൗലിനോട് ദൈവം അരുളിച്ചെയ്ത വാക്കുകളാണ് നാം ഇവിടെ കാണുന്നത്. ശൗലിനെ രാജാവായി വാഴിച്ചതിൽ യഹോവയായ ദൈവം മന:സ്ഥപിക്കുന്നതായും നാം കാണുന്നു.

ഇത് ശൗലിന്റെ ജീവിതത്തിൽ മാത്രമല്ല നാം ഓരോരുത്തരുടെയും ജീവിതത്തിലും പലപ്പോഴും സംഭവിക്കാവുന്നതാണ്. എന്നും ഏതു സാഹചര്യത്തിലും ഒരു ദൈവപൈതലിൽ നിന്ന് ദൈവം ആഗ്രഹിക്കുന്ന ഒരു സ്വഭാവമാണ് അനുസരണം എന്നുള്ളത്. ചോദ്യം ചെയ്യാതെ, വളച്ചൊടിക്കാതെ ദൈവകൽപനകളെ സ്നേഹത്തോടെ പാലിക്കുന്നവരെ അനുഗ്രഹിക്കാൻ കാത്തിരിക്കുന്ന സ്നേഹവാനായ പിതാവാണ് നമ്മുടെ ദൈവം. അബ്രഹാമിന്റെ ജീവിതത്തിൽ നാം കാണുന്നതും ഈ അനുസരണത്തിലൂടെ ലഭിച്ച അനുഗ്രഹമാണ്. തന്റെ പിതൃഭവനത്തെയും ചാർച്ചക്കാരെയും വിട്ട് ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുക എന്നു പറഞ്ഞപ്പോൾ ന്യായീകരണങ്ങളൊന്നും കൂടാതെ അനുസരിച്ച അബ്രഹാമിലൂടെ തലമുറ മുഴുവൻ അനുഗ്രഹിക്കപ്പെടുന്നതായി നാം കാണുന്നു.

ഇന്നു നാം ആയിരിക്കുന്ന ജീവിത സാഹചര്യങ്ങളുടെ മദ്ധ്യത്തിൽ ഇതുപോലുള്ള അനുസരണം സാധ്യമാകുന്നുണ്ടോ? ദൈവവചനം എന്തു പറയുന്നോ അതു അതേപോലെ ഒഴിവുകഴിവുകൾ പറയാതെ, ബുദ്ധികൊണ്ട് അളക്കാതെ, ശൗലിനെപോലെ ന്യായീകരണം നിരത്താതെ, പൂർണ്ണമനസ്സോടെ അനുസരിക്കുന്നവർ ആകണം. ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ അവന്റെ കൽപനകൾ പാലിക്കും എന്ന് വചനം പറയുന്നു. കാനാവിലെ കല്യാണ വീട്ടിലും അനുസരണത്തിലൂടെയുള്ള അത്ഭുതം കാണാം. കൽഭരണിയിൽ വെള്ളം നിറയ്ക്കാനുള്ള യേശുവിന്റെ കൽപന ചോദ്യം ചെയ്യാതെ അനുസരിച്ചപ്പോൾ അതു പുതുവീഞ്ഞായി മാറിയതായി നാം കാണുന്നു. അതിനാൽ ബുദ്ധികൊണ്ട് ദൈവകൽപനകളെ അളക്കാതെ ദൈവസ്നേഹത്താൽ വചനം ഏറ്റെടുത്ത് അനുസരിക്കുന്നു എങ്കിൽ നാം അനുഗ്രഹിക്കപ്പെടും. അവൻ പറയുന്നതെന്തും

ധൈര്യത്തോടെ അനുസരിക്കാൻ നമുക്ക് കഴിയണം. കാരണം ദൈവം എന്നും എല്ലാം നന്മയ്ക്കായിട്ടേ ചെയ്കയുള്ളൂ. അതുകൊണ്ട് അങ്ങനെ അനുസരിക്കുന്നവരായി നമുക്കും മാറാം. അതിനായുള്ള കൃപക്കായി പ്രാർത്ഥിക്കാം.

പരാമർശം:
യാക്കോബ് 1:22

എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 090